**കേരള സർക്കാർ**

**ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്**

**<u>സർക്കുലർ</u>**

**നമ്പർ : 69/2017/ധന** **തിരുവനന്തപുരം, തീയതി : 07.09.2017**

വിഷയം: നിയോജകമണ്ഡല ആസ്തി വികസന പദ്ധതി മുൻ വർഷങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.

സൂചന:
1. സ.ഉ. (പി) നമ്പർ 332/2012/ധന. തീയതി 11.06.2012
2. സ.ഉ.(പി) നം. 86/2017/ധന. തീയതി 04.07.2017
3. സർക്കുലർ നം. 33/2016/ധന തീയതി 12.04.2016
4. സർക്കുലർ നം. 53/2017/ധന തീയതി 06.07.2017

സൂചന (1) ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് 2012-13 മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ആരംഭിക്കുകയും ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സൂചന (2) പ്രകാരം നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 മുതൽ ജില്ലാ കളക്ടറേറ്റുകളിലേക്ക് മാറ്റിക്കൊണ്ട് ഉത്തരവാകുകയും പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. സൂചന (3) ലെ സർക്കുലർ പ്രകാരം 2015-16 വരെയുള്ള വർഷങ്ങളിൽ അനുവദിക്കേണ്ടിയിരുന്ന പ്രവൃത്തികളിൽ 31.03.2016 വരെ എം.എൽ.എ.മാർ ശുപാർശ ചെയ്ത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31.03.2017 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. സൂചന (4) ലെ സർക്കുലർ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 30.09.2017 ആയി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ 2015-16 സാമ്പത്തിക വർഷം വരെ എം.എൽ.എ.മാർ സമർപ്പിച്ചിട്ടുള്ളതും എന്നാൽ സമയപരിധി കഴിഞ്ഞതിനാൽ ഭരണാനുമതി നൽകുന്നത് നിരസിച്ചതുമായ ശുപാർശകൾ പ്രത്യേക കേസായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി എം.എൽ.എ.മാർ സർക്കാരിനെ സമീപിക്കുന്നുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷം ശുപാർശ ചെയ്തതിൽ ഏതാനും പ്രവൃത്തികൾക്ക് കൂടി ഇനിയും ഭരണാനുമതി പുറപ്പെടുവിക്കാനുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മുൻ സാമ്പത്തിക വർഷങ്ങളിലെ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിനിയോഗം സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

i. **2012-13 മുതൽ 2015-16 വരെയുള്ള** സാമ്പത്തിക വർഷങ്ങളിലേക്കായി നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ മാർഗ്ഗരേഖയിലെ എല്ലാ മാനദണ്ഡങ്ങളും

പാലിച്ചുകൊണ്ട് എം.എൽ.എ.മാർ ശുപാർശ ചെയ്യുന്നതും എന്നാൽ **31.03.2017** ന് ശേഷം സർക്കാരിലേക്ക് ലഭിച്ചതിനാൽ സമയപരിധി കഴിഞ്ഞുവെന്ന കാരണത്താൽ നിരസിച്ചിട്ടുള്ളതുമായ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് രണ്ടുമാസത്തെ സമയം കൂടി നൽകുവാൻ തീരുമാനിച്ചു. അത്തരത്തിലുള്ള ശുപാർശകൾക്ക് **31.10.2017 വരെ** ഭരണാനുമതി നൽകാവുന്നതാണ്. പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയ്ക്കായി വിശദമായ എസ്റ്റിമേറ്റും അനുബന്ധ രേഖകളും സഹിതം ഭരണവകുപ്പ് ശുപാർശയോടെ നിശ്ചിത സമയത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്.

ii. എന്നാൽ 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ റദ്ദ് ചെയ്ത് പകരം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ല.

iii. 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ അവശേഷിക്കുന്ന ഫണ്ട് തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിലെ ഫണ്ടുമായി ചേർത്ത് നിർദ്ദേശിക്കുന്ന പ്രവൃത്തികളും അനുവദിക്കുന്നതല്ല.

iv. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി **2016-17 ന്** കീഴിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി **30.11.2017 ആയി** ദീർഘിപ്പിച്ച് നൽകുന്നു.

v. 2016-17 വർഷത്തിലെ ശുപാർശകൾക്ക് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയപരിധി 30.11.2017 വരെ നീട്ടി നൽകിയിട്ടുള്ളതിനാൽ എം.എൽ.എ.മാർ സമർപ്പിക്കുന്ന ശുപാർശകളിന്മേൽ തീരുമാനമെടുക്കുന്നതിന് മുമ്പ് ജില്ലാ കളക്ടർമാർ LAC ADS പോർട്ടലിൽ കൃത്യമായ നിരീക്ഷണം നടത്തേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**കെ.എസ്. ഉഷ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:-

എല്ലാ എം.എൽ.എ. മാർക്കും
ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ)കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

**സെക്ഷൻ ഓഫീസർ**